**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1479** **30-08-2022 - ൽ മറുപടിയ്ക്ക്**

**പെരുവയൽ വില്ലേജ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹരിജൻ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലുള്ളതും ഇപ്പോൾ സഹകരണ സംഘം ലിക്വിഡേറ്റർ എന്ന നിലയിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ളതുമായ പൂവാട്ടുപറമ്പദേശം റീ.സ.66/2-ൽ ഉൾപ്പെട്ട ഭൂമി, ബാധ്യതകൾ അടച്ചുതീർത്ത് സർക്കാർ ഏറ്റെടുക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) | പെരുവയൽ വില്ലേജ് പൂവാട്ട് പറമ്പ് ദേശത്ത് റിസ 66/2-ൽ ഉൾപ്പെട്ടതും വ്യവസായ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 4 സെന്റ് ഭൂമി സ്വന്തമായി കെട്ടിടമില്ലാത്ത പെരുവയൽ വില്ലേജ് നിർമ്മിക്കുന്നതിനായി പരിഗണിക്കാവുന്നതാണെന്ന് കോഴിക്കോട് തഹസിൽദാർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽ കോഴിക്കോട് ഹരിജൻ നെയ്ത്ത് സഹകരണ സംഘം സ്ഥിതി ചെയ്യുന്നതായും നിലവിൽ സംഘം സമാപ്തീകരണത്തിൽ ആണെന്നും ലിക്വിഡേറ്ററുടെ കൈവശത്തിൽ ആണെന്നുള്ള വിവരവുമാണ് ലഭിച്ചിരുന്നത്.<br><br>പ്രസ്തുത സാഹചര്യത്തിൽ വില്ലേജ് നിർമ്മിക്കുന്നതിന് പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പൂവ്വാട്ട്പറമ്പ് ദേശം റി.സ.നമ്പർ 63/2-ൽ പ്പെട്ട സ്ഥലം വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നടപടി സ്വീകരിക്കാൻ തഹസിൽദാർക്ക് ജില്ലാകളക്ടർ നിർദേശം നല്കിയിട്ടുണ്ട്.<br><br>ആയതിനാൽ പൂവ്വാട്ട്പറമ്പ് ദേശത്ത് റി.സ.നമ്പർ 66/2-ൽ പ്പെട്ട വ്യവസായ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി പെരുവയൽ വില്ലേജിന് വേണ്ടി ഏറ്റെടുക്കുന്ന കാര്യത്തിൽ നിലവിൽ പരിഗണനയില്ലാത്തതാണ്. |
| (ബി) | സ്വന്തമായി കെട്ടിടമില്ലാത്ത പെരുവയൽ വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്താൻ ആയത് ഏറ്റെടുക്കുന്ന | (ബി) | പെരുവയൽ വില്ലേജ് പൂവാട്ട് പറമ്പ് ദേശത്ത് റിസ 66/2-ൽ ഉൾപ്പെട്ടതും വ്യവസായ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 4 സെന്റ് ഭൂമി സ്വന്തമായി |

| | | | |
|---|---|---|---|
| | വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | കെട്ടിടമില്ലാത്ത പെരുവയൽ വില്ലേജ് നിർമ്മിക്കുന്നതിനായി പരിഗണിക്കാവുന്നതാണെന്ന് കോഴിക്കോട് തഹസിൽദാർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽ കോഴിക്കോട് ഹരിജൻ നെയ്ത്ത് സഹകരണ സംഘം സ്ഥിതി ചെയ്യുന്നതായും നിലവിൽ സംഘം സമാപ്തീകരണത്തിൽ ആണെന്നും ലിക്വിഡേറ്ററുടെ കൈവശത്തിൽ ആണെന്നുള്ള വിവരവുമാണ് ലഭിച്ചിരുന്നത്.<br><br>പ്രസ്തുത സാഹചര്യത്തിൽ വില്ലേജ് നിർമ്മിക്കുന്നതിന് പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പൂവ്വാട്ട്പറമ്പ് ദേശം റി.സ.നമ്പർ 63/2-ൽ പ്പെട്ട സ്ഥലം വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നടപടി സ്വീകരിക്കാൻ തഹസിൽദാർക്ക് ജില്ലാകളക്ടർ നിർദേശം നല്കിയിട്ടുണ്ട്.<br><br>ആയതിനാൽ പൂവ്വാട്ട്പറമ്പ് ദേശത്ത് റി.സ.നമ്പർ 66/2-ൽ പ്പെട്ട വ്യവസായ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി പെരുവയൽ വില്ലേജിന് വേണ്ടി ഏറ്റെടുക്കുന്ന കാര്യത്തിൽ നിലവിൽ പരിഗണനയില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ